"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തൊഴിലും നൈപുണ്യവും വകുപ്പ് - കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡ് - 01.04.2013-ന് ശേഷം നിയമിതരായ സ്ഥിരം ജീവനക്കാരുടെ വിരമിക്കൽ പ്രായം 60 വയസ്സായി നിശ്ചയിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തൊഴിലും നൈപുണ്യവും (ബി) വകുപ്പ്**

**സ.ഉ.(കൈ) നം.9/2026/LBR തീയതി,തിരുവനന്തപുരം, 06-03-2026**

---

പരാമർശം:-

1. 07.01.2013 -ലെ സ.ഉ(അച്ചടി) നം. 20/2013/ധന
2. 02.02.2016-ലെ സ.ഉ(അച്ചടി) നം. 24/2016/തൊഴിൽ (എസ്.ആർ.ഒ നം. 134/2016)
3. 23.05.2025-ലെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ E1-76/2025/KSUWSSB നമ്പർ കത്ത്

**ഉത്തരവ്**

പരാമർശം (1) പ്രകാരം സർക്കാർ സർവീസിൽ 01.04.2013-ന് ശേഷം നിയമിക്കപെട്ടവർക്ക് ദേശീയ പെൻഷൻ പദ്ധതി ഏർപ്പെടുത്തിയതിനോടൊപ്പം അത്തരം ജീവനക്കാരുടെ പെൻഷൻ പ്രായം 60 വയസ്സായി നിജപ്പെടുത്തിയിട്ടുമുള്ള സാഹചര്യത്തിൽ, കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡിൽ ജീവനക്കാരുടെ നിയമനം, സേവന വേതന വ്യവസ്ഥകൾ എന്നിവ സംബന്ധിച്ച വിശേഷാൽ ചട്ടങ്ങൾ രൂപീകരിച്ചിട്ടില്ലാത്തതും കേരള സർവീസ് ചട്ടങ്ങളുടെ പരിധിയിൽ ഉൾപ്പെട്ടിട്ടില്ലാത്തതുമായ 01.04.2013-ന് ശേഷം സ്ഥിര നിയമനം ലഭിച്ചിട്ടുള്ളവരും നിലവിൽ ഒരു പെൻഷൻ പദ്ധതിയുടെയും പ്രയോക്താക്കൾ അല്ലാത്തവരുമായ ജീവനക്കാരുടെ വിരമിക്കൽ പ്രായം 60 വയസ്സായി നിശ്ചയിച്ച് ഉത്തരവാകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പരാമർശം (3) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡിൽ നേരിട്ട് സ്ഥിരനിയമനം ലഭിച്ച ജീവനക്കാരുടെ നിയമനം, സേവനവ്യവസ്ഥകൾ, വിരമിക്കൽ പ്രായം എന്നിവ സംബന്ധിച്ച പ്രത്യേക ചട്ടങ്ങൾ നിലവിലില്ലാത്ത സാഹചര്യത്തിലും ടി ജീവനക്കാർ 01.04.2013-ന് ശേഷമാണ് നിയമിക്കപ്പെട്ടിട്ടുള്ളത് എന്നതിനാലും പ്രസ്തുത ബോർഡിൽ 01.04.2013-ന് ശേഷം സ്ഥിരനിയമനം ലഭിച്ചിട്ടുള്ള/ ലഭിക്കുന്ന ജീവനക്കാരുടെ വിരമിക്കൽ പ്രായം 60 വയസ്സായി നിശ്ചയിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഷാനവാസ് എസ് ഐ എ എസ്

സ്പെഷ്യൽ സെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡ്, തിരുവനന്തപുരം.

ധനകാര്യവകുപ്പ്( 24.02.2026-ലെ 3384171/LBR-1/7/26-FIN പ്രകാരം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം.

ഡയറക്ടർ, വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Abhilash S S
Date: 06-03-2026 14:17:56

സെക്ഷൻ ഓഫീസർ

പകർപ്പ് : 1. പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പി.എസ്.-ന്

2. തൊഴിലും നൈപുണ്യവും വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എസ്.-ന്